**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3784** **15-07-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനം ആക്രമിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനത്ത് പ്രമുഖ ഭരണപക്ഷ പാർട്ടിയുടെ യുവജന സംഘടന പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന ആക്രമണത്തിലെ പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ഇതുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 613/2022 U/s 143, 147, 149, 427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കേസിലെ പ്രതികളുടെ വിശദാംശം നൽകാമോ; | (ബി) | കേസിലെ പ്രതികളെ തിരിച്ചറിയുന്നതിനാവശ്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| (സി) | പയ്യന്നൂരിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവത്തിൽ അറസ്റ്റിലായവരുടെ രാഷ്ട്രീയ ബന്ധം വിശദമാക്കാമോ? | (സി) | പയ്യന്നൂരിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവവുമായി ബന്ധപ്പെട്ട് പയ്യന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം.നം. 456/22 U/s 143, 147, 148, 452, 427, 341,506 (ii) r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ